**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ - സ്കീം തുക വിനിയോഗം- ഹെഡ് ഓഫ് അക്കൌണ്ടുകളുടെ കൺട്രോളിംഗ് ഓഫീസറായി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ)നം.1872 /2015/തസ്വഭവ    തിരുവനന്തപുരം, തീയതി; 23 / 06/ 2015.

---

പരാമർശം:- 1)28/02/2015 ലെ സ.ഉ.(സാധാ) നം. 615 /2015/തസ്വഭവ നമ്പർ ഉത്തരവ്
2) പഞ്ചായത്ത് ഡയറക്ടറുടെ 10.03.2015 ലെ ജെ3-716/2013 നം. കത്ത്.

**<u>ഉത്തരവ്</u>**

കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം നടപ്പിലാക്കുന്ന രാജീവ് ഗാന്ധി പഞ്ചായത്ത് ശശാക്തീകരൺ അഭിയാൻ (RGPSA) സ്കീം മുഖേന 2014-15 വർഷത്തിൽ സംസ്ഥാനത്തിന് അംഗീകാരം ലഭിച്ചിട്ടുള്ള 6035.49 ലക്ഷം രൂപയിൽ പദ്ധതിയുടെ ആദ്യഗഡുവായി സംസ്ഥാന സഞ്ചിത നിധിയിൽ ലഭിച്ചിട്ടുള്ള 1449.12 ലക്ഷം രൂപ RGPSA പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തുടങ്ങിയിട്ടുള്ള 33330917889 നം. അക്കൗണ്ടിലേക്ക് മാറ്റുവാൻ അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2014 ജൂലൈ മാസത്തെ സർക്കാരിന്റെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ RGPSA പദ്ധതിക്കായി കേന്ദ്ര വിഹിതത്തിനും, സംസ്ഥാന വിഹിതത്തിനുമായി അനുവദിച്ചിരുന്ന 2515-101-60-01 , 2515-101-60-02, എന്നീ ഹെഡ് ഓഫ് അക്കൌണ്ടുകളാണ് എന്നും, ഇതിൽ പദ്ധതിനിർവഹണത്തിനായി അനുവദിച്ചിട്ടുള്ള കേന്ദ്രവിഹിതമായ 1449.12 ലക്ഷം രൂപ ട്രഷറിയിൽ നിന്നും മാറുന്നതിനായി ടി ഹെഡ് ഓഫ് അക്കൌണ്ടുകളുടെ കൺട്രോളിംഗ് ഓഫീസറായി RGPSA പദ്ധതിയുടെ നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്നും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. RGPSA പദ്ധതിക്കായി കേന്ദ്ര വിഹിതത്തിനും, സംസ്ഥാന വിഹിതത്തിനുമായി അനുവദിച്ചിരുന്ന 2515-101-60-01, 2515-101-60-02, എന്നീ ഹെഡ് ഓഫ് അക്കൌണ്ടുകളുടെ കൺട്രോളിംഗ് ഓഫീസറായി പദ്ധതിയുടെ നോഡൽ ഓഫീസറായ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.റംലത്ത്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില), മുളംകുന്നത്തുകാവ്, തൃശ്ശൂർ.

സ്റ്റേറ്റ് ഇൻസ് റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD), കൊട്ടാരക്കര

സെക്രട്ടറി ഗ്രാമ പഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തുകൾ (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ